പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 364 — 11.12.2012-ൽ മറുപടിയ്ക്ക്

## ഗാഡ്ഗിൽ ഫോർമുല പ്രകാരമുള്ള വൈദ്യുതി വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി. എം. തോമസ് ഐസക് :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>ശ്രീ. എ. പ്രദീപ് കുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര വൈദ്യുത പദ്ധതികളി നിന്നും സംസ്ഥാനങ്ങൾക്കുള്ള വൈദ്യുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള ഗാഡ്ഗിൽ ഫോർമുലയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; | (എ) കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതം സംസ്ഥാനങ്ങൾക്ക് വീതിച്ച നല്കുന്നത് രണ്ട് ഘടകങ്ങളെ ആസ്പദമാക്കിയാണ്:<br>1. ഗാഡ്ഗിൽ ഫോർമുല പ്രകാരം ഒരു സംസ്ഥാനത്തിന് അനുവദിച്ച പദ്ധതി സഹായം (Central plan assistance).<br>2. മുൻ അഞ്ചു വർഷങ്ങളിലെ ആ സംസ്ഥാനത്തിന്റെ വൈദ്യുത ഉപഭോഗം (energy consumption).<br>കേന്ദ്ര പദ്ധതിയുടെ 75% ശേഷിയാണ് ഇപ്രകാരം വീതിച്ച നൽകുന്നത്. 10% പദ്ധതിയുടെ ആഘാതമേൽക്കുന്ന സംസ്ഥാനങ്ങൾക്കും, 15% കേന്ദ്ര ഗവൺമെന്റ് അവശ്യ ഘട്ടങ്ങളിൽ വിവേചനാധികാരം ഉപയോഗിച്ച് സംസ്ഥാനങ്ങൾക്ക് നൽകുന്നതിനുമായി മാറ്റി വച്ചിരിക്കുന്നു. |
| (ബി) ഗാഡ്ഗിൽ ഫോർമുല പ്രകാരം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വിവിധ വൈദ്യുത പദ്ധതികളിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി വിഹിതം എത്ര വീതമാണ് ; | (ബി) മാറിമാറി വരുന്ന ഘടകങ്ങൾക്കനുസൃതമായി കേന്ദ്ര പദ്ധതികളിൽ നിന്നും സംസ്ഥാനങ്ങൾക്ക് ലഭ്യമായ വിഹിതം പുനർ നിർണ്ണയിക്കാറുണ്ട്. ഇപ്രകാരം 2000 - ൦ ആണ്ടിൽ നിലവിൽ വന്ന താൽച്ചർ പദ്ധതിയിൽ നിന്നും കേരളത്തിന്റെ കേന്ദ്ര വിഹിതം 14 % ആണ്. എന്നാൽ 2011 - ൽ NLC NEW പദ്ധതിയിൽ നിന്നും 3.24 % മാത്രം വൈദ്യുതി വിഹിതമാണ് കേരളത്തിന് അനുവദിച്ചത്. വിവിധ പദ്ധതികളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വൈദ്യുതി വിഹിതം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

(സി) കൂടംകുളം ആണവനിലയത്തിൽ നിന്നും ഗാഡ്ഗിൽ ഫോർമുല പ്രകാരമുള്ള വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കുമോ ?

(സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിൽ വർദ്ധിച്ചു വരുന്ന വൈദ്യുത ആവശ്യകത കണക്കിലെടുത്തും പാരിസ്ഥിതിക ആഘാതം മുൻനിറുത്തി നഷ്ടമായ വൈദ്യുത പദ്ധതികൾക്ക് പരിഹാരമായും, കൂടംകുളം ആണവ വൈദ്യുത നിലയവുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന ദോഷവശങ്ങൾ അനുഭവിക്കേണ്ട സംസ്ഥാനം എന്ന നിലയ്ക്കും, ഈ നിലയത്തിൽ നിന്നും കേരളത്തിനുള്ള വിഹിതം 500 MW ആയി വർദ്ധിപ്പിക്കണമെന്ന്, ബഹു. പ്രധാന മന്ത്രിയോട് മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 364 11.12.2012-ൽ മറുപടിയ്ക്ക്

## ഗാഡ്ഗിൽ ഫോർമുല പ്രകാരമുള്ള വൈദ്യുതി വിഹിതം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. ടി. എം. തോമസ് ഐസക് :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>ശ്രീ. എ. പ്രദീപ് കുമാർ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കേന്ദ്ര വൈദ്യുത പദ്ധതികളി നിന്നും സംസ്ഥാനങ്ങൾക്കുള്ള വൈദ്യുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള ഗാഡ്ഗിൽ ഫോർമുലയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; | (എ) | കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതം സംസ്ഥാനങ്ങൾക്ക് വീതിച്ച് നല്കുന്നത് രണ്ട് ഘടകങ്ങളെ ആസ്പദമാക്കിയാണ്:<br>1. ഗാഡ്ഗിൽ ഫോർമുല പ്രകാരം ഒരു സംസ്ഥാനത്തിന് അനുവദിച്ച പദ്ധതി സഹായം (Central plan assistance).<br>2. മുൻ അഞ്ചു വർഷങ്ങളിലെ ആ സംസ്ഥാനത്തിന്റെ വൈദ്യുത ഉപഭോഗം (energy consumption).<br>കേന്ദ്ര പദ്ധതിയുടെ 75% ശേഷിയാണ് ഇപ്രകാരം വീതിച്ച് നൽകുന്നത്. 10% പദ്ധതിയുടെ ആഘാതമേൽക്കുന്ന സംസ്ഥാനങ്ങൾക്കും, 15% കേന്ദ്ര ഗവൺമെന്റ് അവശ്യ ഘട്ടങ്ങളിൽ വിവേചനാധികാരം ഉപയോഗിച്ച് സംസ്ഥാനങ്ങൾക്ക് നൽകുന്നതിനുമായി മാറ്റി വച്ചിരിക്കുന്നു. |
| (ബി) | ഗാഡ്ഗിൽ ഫോർമുല പ്രകാരം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വിവിധ വൈദ്യുത പദ്ധതികളിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി വിഹിതം എത്ര വീതമാണ് ; | (ബി) | മാറിമാറി വരുന്ന ഘടകങ്ങൾക്കനുസൃതമായി കേന്ദ്ര പദ്ധതികളിൽ നിന്നും സംസ്ഥാനങ്ങൾക്ക് ലഭ്യമായ വിഹിതം പുനർ നിർണ്ണയിക്കാറുണ്ട്. ഇപ്രകാരം 2000 - ാം ആണ്ടിൽ നിലവിൽ വന്ന താൽച്ചർ പദ്ധതിയിൽ നിന്നും കേരളത്തിന്റെ കേന്ദ്ര വിഹിതം 14 % ആണ്. എന്നാൽ 2011 - ൽ NLC NEW പദ്ധതിയിൽ നിന്നും 3.24 % മാത്രം വൈദ്യുതി വിഹിതമാണ് കേരളത്തിന് അനുവദിച്ചത്. വിവിധ പദ്ധതികളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വൈദ്യുതി വിഹിതം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |